Directorate of BCDD
E Office Ref. No.......
DIRECTORATE OF BACKWARD CLASSES DEVELOPMENT
3 May 2021
THIRUVANANTHAPURAM

**ആലത്തൂർ തഹസിൽദാരുടെ നടപടിക്രമം**
**(ഹാജർ:രാജു.ഇ.എൻ)**

വിഷയം :-- ആലത്തൂർ മിനി സിവിൽ സ്റ്റേഷനിൽ പിന്നാക്ക വിഭാഗ വികസന വകുപ്പിന് മേഖല ഓഫീസിനുള്ള സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച്

---

സി3- 2009/355/9/100 തിയതി : 16/04/2021.

---

പരാമർശം :- ജില്ലാ കളക്ടറുടെ 12/04/2021 ലെ DCPKD/2955/2021-D7 നമ്പർ കത്ത്

**ഉത്തരവ്**

ആലത്തൂർ മിനി സിവിൽസ്റ്റേഷനിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കനാൽ സബ് ഡിവിഷൻ എന്നവരുടെ ഓഫീസിന് അനുവദിച്ചിട്ടുള്ള മുറികളിൽ നാളിതുവരെയായി ഓഫീസ് പ്രവർത്തനങ്ങളൊന്നും ആരംഭിക്കാത്തതും ആയതുകൊണ്ട് ടി. ഓഫീസ് മേധാവിക്ക് നിശ്ചിത ദിവസത്തിനകം ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിന് നോട്ടീസ് നൽകിയിരുന്നതുമാണ്. അനുവദിക്കപ്പെട്ട സ്ഥലത്ത് കാര്യാലയം പ്രവർത്തനം ആരംഭിക്കാതെ വല്ലപ്പോഴും നടത്തുന്ന യോഗത്തിനുള്ള കോൺഫറൻസ്ഹാളായി സ്ഥലം ഉപയോഗപ്പെടുത്തണമെന്നാണ് ഓഫീസ് മേധാവിക്ക് നൽകിയ കത്തിന് മറുപടി നൽകിയിട്ടുള്ളത്. നിലവിൽ ആലത്തൂർ മിനി സിവിൽസ്റ്റേഷനിൽ ഒരു കോൺഫറൻസ് ഹാൾ നിലവിലുള്ള സ്ഥിതിക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കനാൽ സബ് ഡിവിഷൻ, എന്നവരുടെ ശുപാർശ പരിഗണിക്കേണ്ടതില്ലാത്തതിനാൽ ആലത്തൂർ മിനി സിവിൽസ്റ്റേഷനിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കനാൽ സബ് ഡിവിഷൻ ഓഫീസിന് അനുവദിച്ചിരിക്കുന്ന സ്ഥലം പിന്നാക്ക വിഭാഗ വികസന വകുപ്പ്, പാലക്കാട്, മേഖലാ ഓഫീസ് ആരംഭിക്കുന്നതിനായി അനുവദിച്ച് നല്കുന്നതിന് പരാമർശ പ്രകാരം പാലക്കാട് ജില്ലാകളക്ടർ നിർദേശം നൽകിയിട്ടുണ്ട്. ജില്ലാകളക്ടറുടെ മേൽനിർദേശത്തിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കനാൽ സബ് ഡിവിഷൻ ഓഫീസിന് അനുവദിച്ച സ്ഥലം പിന്നാക്ക വിഭാഗ വികസന വകുപ്പ്, പാലക്കാട്, മേഖലാ ഓഫീസ് പ്രവർത്തിക്കുന്നതിന് അനുവദിച്ച് ഉത്തരവാകുന്നു.

തഹസിൽദാർ.

പകർപ്പ് :- 1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കനാൽ സബ് ഡിവിഷൻ,
2. ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, ~~പാലക്കാട്~~ അയ്യങ്കാളി ഭവൻ ~~മേഖലാ ഓഫീസ്~~ നാലാം നില, കനകനഗർ, വെള്ളയമ്പലം കവടിയാർ P.O, തിരുവനന്തപുരം - 3